**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2501** | **07.02.2019-ൽ മറുപടിക്ക്**

## ടൂറിസം മേഖലയിലെ വരുമാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) പ്രളയാനന്തരം ടൂറിസം മേഖലയിലുണ്ടായ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | പ്രളയാനന്തരം ടൂറിസം മേഖലയിൽ ഉണ്ടായ സാഹചര്യങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തിയിട്ടുണ്ട്. |
| ബി) പ്രളയംമൂലം വിദേശത്തു നിന്നുള്ള വരുമാനത്തിലും സഞ്ചാരികളുടെ എണ്ണത്തിലും ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; | ബി) | 2018 മെയ് മുതൽ കേരളത്തിലേയ്ക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആയതിന് ആനുപാതികമായി ടൂറിസം വരുമാനത്തിലും പ്രസ്തുത മാസങ്ങളിൽ (മെയ് മുതൽ നവംബർ വരെ) കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ കേരളം സന്ദർശിച്ച ആകെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 0.42% വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന് ആനുപാതികമായ വർദ്ധനവ് ടൂറിസം മേഖലയിൽ നിന്നുള്ള വിദേശനാണ്യ വരുമാനത്തിലും ഉണ്ടായിട്ടുണ്ട്. |
| സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും | സി) | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിംഗ് ക്യാമ്പയിനുകൾ തന്നെയാണ് അതിൽ പ്രധാനം. നാഷണൽ ഓഫ് സീസൺ ക്യാമ്പയിൻ |

| | |
|---|---|
| സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ വിശദീകരിക്കാമോ? | ഓഗസ്റ്റ് 2018 ഓടെ നടത്തി കഴിഞ്ഞു. രാജ്യത്തെ പ്രമുഖ പത്ര, ദൃശ്യ മാധ്യമങ്ങളിൽ വകുപ്പിന്റെ 'Come out and play' എന്ന പേരിലുള്ള ക്യാമ്പയിൻ ആണ് നടത്തിയത്. സിനിമാ തീയേറ്റർ, എയർ പോർട്ടുകൾ എന്നീ കേന്ദ്രങ്ങളിലും ക്യാമ്പയിൻ നടത്തി കഴിഞ്ഞു. മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾക്കൊള്ളിച്ച് നടത്തിയ ക്യാമ്പയിൻ മികച്ച പ്രതികരണമാണ് ഉണ്ടാക്കിയത്. പ്രളയാനന്തരം നടത്തിയ 'Post flood campaign' കേരളം പ്രളയത്തിന് ശേഷം ടൂറിസം രംഗത്ത് ഉയിർത്തെഴുന്നേറ്റു എന്ന് രാജ്യത്തെ ബോധ്യപ്പെടുത്തി. 'Its time for Kerala' എന്ന പേരിൽ പരസ്യ ക്യാമ്പയിൻ നടത്തി കഴിഞ്ഞു. സ്വദേശത്തും വിദേശത്തുമായി വകുപ്പ് ഇനി നടത്തുന്ന ക്യാമ്പയിനുകളും സഞ്ചാരികളെ ആകർഷിച്ച് വരുമാന വർദ്ധന ലക്ഷ്യമിടുന്നതു തന്നെയാണ്. നാഷണൽ ടി.വി, റേഡിയോ, സിനിമ, എയർപോർട്ട്, ഡിജിറ്റൽ ഓൺലൈൻ ക്യാമ്പയിനുകളും, യൂറോപ്പ്, സിംഗപ്പൂർ, ദുബായ്, അമേരിക്ക എന്നീ സ്ഥലങ്ങളിൽ പുതിയ ബ്രാന്റ് ക്യാമ്പയിനും വരും മാസങ്ങളിൽ നടത്തുന്നുണ്ട്. രാജ്യത്തിനകത്തും വിദേശങ്ങളിലും നടക്കുന്ന ട്രേഡ് ഫെയർ പാർട്ട്ണർഷിപ്പ് മീറ്റുകളിലും വകുപ്പ് പങ്കെടുത്ത് ടൂറിസം രംഗത്ത് കേരള ടൂറിസത്തിന്റെ പ്രചരണം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ